13

# കേരള സർക്കാർ
## ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

നമ്പർ. എ 3/570/2018/ആകുവ തിരുവനന്തപുരം, തീയതി: 29/12/2018

**സർക്കുലർ**

വിഷയം:- ആകുവ- ആരോഗ്യ കുടുംബക്ഷേമ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്ന ജീവനക്കാർ - നടപടി സംബന്ധിച്ച്

സൂചന:- ഇല്ല

*************

2018-ൽ കേരള സംസ്ഥാനം അഭിമുഖീകരിച്ച, ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയദുരിതത്തിൽ നിന്നും കരകയറുന്നതിനായി മറ്റു വകുപ്പുകളോടൊപ്പം ആരോഗ്യ കുടുംബക്ഷേമ വകുപ്പും പരമപ്രധാനമായ പങ്കു നിർവഹിക്കുകയുണ്ടായി. തുടർച്ചയായി ഉണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾ അനേകം പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്നതിനും കാരണമാകുന്നുണ്ട്. നിപാ പോലുള്ള പകർച്ചവ്യാധികൾ പ്രത്യക്ഷപ്പെട്ട സന്ദർഭങ്ങളിലുൾപ്പെടെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ ഡോക്ടർമാരുൾപ്പെടെയുള്ള ജീവനക്കാർ സ്തുത്യർഹമായ സേവനമാണ് കാഴ്ചവച്ചിട്ടുള്ളത്.

എന്നിരുന്നാലും, പ്രകൃതിദുരന്ത ദുരിതാശ്വാസപ്രവർത്തനങ്ങൾ, പകർച്ചവ്യാധി നിയന്ത്രണം എന്നീ മേഖലകളിൽ കൂടുതൽ മികവുറ്റ ആരോഗ്യ സേവന ദൗത്യങ്ങൾ നിർവഹിക്കുന്നതിന് ആരോഗ്യകുടുംബക്ഷേമ വകുപ്പിനു കീഴിലും വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലും നിയമിതരായ ഒരു വിഭാഗം ജീവനക്കാരുടെ അനധികൃത ഹാജരില്ലായ്മ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പ്രളയാനന്തര കേരളം അഭിമുഖീകരിക്കുന്ന ആരോഗ്യപ്രശ്നങ്ങളേയും പകർച്ച വ്യാധികളേയും കാലാവസ്ഥാജന്യ രോഗങ്ങളെയും നേരിടുന്നതിനെയും, നവകേരള നിർമ്മാണത്തെയും പ്രതികൂലമായി ബാധിക്കുകയാണ്.

മേൽ സാഹചര്യത്തിൽ ആരോഗ്യകുടുംബക്ഷേമ വകുപ്പിലും വകുപ്പിനു കീഴിലുമുള്ള എല്ലാ സ്ഥാപനങ്ങളിലും നിയമിതരായ എല്ലാ വിഭാഗം ജീവനക്കാരുടേയും അനധികൃത ഹാജരില്ലായ്മയ്ക്കെതിരെ കർശനമായ അച്ചടക്കനടപടികൾ സ്വീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ, സർവ്വീസിൽ നിന്നും അനധികൃതമായി വിട്ടു നിൽക്കുന്ന ഡോക്ടർമാരുൾപ്പെടെയുള്ള എല്ലാ വിഭാഗം ജീവനക്കാരും **15/01/2019 അപരാഹ്നത്തിന്**

2/3

**മുമ്പായി (രണ്ടായിരത്തി പത്തൊൻപതാമാണ്ട് ജനുവരി മാസം പതിനഞ്ചാം തീയതിയ്ക്ക് മുമ്പായി)** സർവ്വീസിൽ പുന:പ്രവേശിക്കേണ്ടതാണ്. അത്തരത്തിൽ, രേഖാമൂലം സന്നദ്ധത അറിയിക്കുന്നവർക്ക് ബോണ്ട് വ്യവസ്ഥകൾ ഉൾപ്പെടെയുള്ള വ്യവസ്ഥകൾക്കും അച്ചടക്കനടപടികളുടെ തീർപ്പിനും വിധേയമായി അതാത് വകുപ്പ് മേധാവികൾ/നിയമനാധികാരികൾ നിയമനം നൽകേണ്ടതും അത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്. 15/01/2019-ന് ശേഷം അനധികൃതാവധിയിൽ തുടരുന്നവരെ സംബന്ധിച്ച തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ സ്ഥാപനമേധാവികൾ/ജില്ലാമേധാവികൾ/നിയമനാധികാരികൾ എന്നിവർ സമാഹരിച്ച് ക്രോഡീകരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്ന പ്രൊഫോർമയിൽ **31/01/2019-നുള്ളിൽ** വകുപ്പ് തലവൻമാർക്ക് നൽകേണ്ടതും, വകുപ്പ് തലവൻമാർ അച്ചടക്കനടപടികൾ സംബന്ധിച്ച ശുപാർശകൾ സഹിതം **10/02/2019**-നുള്ളിൽ ബന്ധപ്പെട്ട രേഖകൾ സർക്കാരിനു ലഭ്യമാക്കേണ്ടതുമാണ്.

**രാജീവ് സദാനന്ദൻ,**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഫുഡ് സേഫ്റ്റി കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം
ഡയറക്ടർ, മലബാർ കാൻസർ സെന്റർ, തലശ്ശേരി
മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, തിരുവനന്തപുരം
ഡ്രഗ്സ് കൺട്രോളർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കെ.എച്ച്.ആർ.ഡബ്ല്യു.എസ്, തിരുവനന്തപുരം
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.ആർ.എച്ച്.എം. തിരുവനന്തപുരം
ഡയറക്ടർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ്, തിരുവനന്തപുരം
ഡയറക്ടർ, ഐ.എം.എച്ച്.എ.എൻ.എസ്, കുതിരവട്ടം, കോഴിക്കോട്-673 016
ഡയറക്ടർ, റേഡിയേഷൻ സേഫ്റ്റി, തൃശ്ശൂർ
എല്ലാ മെഡിക്കൽ കോളേജുകളിലേയും പ്രിൻസിപ്പൽമാർക്കും/സൂപ്രണ്ടുമാർക്കും
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ് (മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

3/3.

## അനുബന്ധം എ

വകുപ്പ് .................................................

സ്ഥാപനം.................................................

തസ്തിക.........................................................

| ക്രമ നം | അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം | നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം | അനുവദിക്കപ്പെട്ട അവധിയിലുള്ള വർ | അനധികൃതാവധി യിലുള്ളവരുടെ എണ്ണം | അച്ചടക്കനടപടിക്ക് വിധേയമാക്കപ്പെട്ടവരുടെ എണ്ണം |
|---|---|---|---|---|---|
| | | | | | |

## അനുബന്ധം ബി

| ക്രമ നം | അനധികൃ താവധിയി ലുള്ള ഉദ്യോഗ സ്ഥന്റെ ഔദ്യോഗി ക വിലാസം | സ്ഥിരം മേൽ വിലാ സം | അനധികൃതാ വധിയിൽ പ്രവേശിച്ച തീയതി | പുനഃപ്രവേശി ക്കുന്നതിന് അപേക്ഷ സമർപ്പി ച്ചിട്ടുണ്ടോ? | അച്ചടക്കനടപ ടികൾ നിലവിലു ണ്ടോ? | അച്ചടക്ക നടപടിക ളുടെ നിലവിലെ സ്ഥിതി | അച്ചടക്കനട പടികൾ നിലവിലുണ്ടെ ങ്കിൽ നിയമനാധി കാരിയുടെ / വകുപ്പ് തലവന്റെ ഫയൽ നമ്പർ | സർക്കാർ തലത്തിൽ അച്ചടക്കനട പടി നിലവിലുണ്ടെ ങ്കിൽ ആയതു സംബന്ധിച്ച വിവരങ്ങൾ | സർവ്വീ സിൽ പ്രവേശി ച്ച തീയതി | വിരമിക്ക ൽ തീയതി |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | | | | | | | | | | |